LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ നദീതട സംരക്ഷണ പ്രവൃത്തികൾ

108 (5190) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ നദീതട സംരക്ഷണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും വിനിയോഗിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഭരണാനുമതി നൽകിയതിൽ പൂർത്തിയാക്കാൻ അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ;

(ഡി) 2015-16 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഇ) എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ നദീതട സംരക്ഷണ പ്രവൃത്തികളുടെ ലിസ്റ്റും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2015-16 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ചെറുതുരുത്തി ചെക്ക് ഡാം.
2. വള്ളത്തോൾ നഗർ പഞ്ചായത്തിലെ പള്ളത്തെ പുണ്യതീരം ശ്മശാനത്തിനരുകിൽ ബലിതർപ്പണക്കടവും സംരക്ഷണ പ്രവൃത്തികളും.
3. കുത്താമ്പുള്ളി ഭാഗത്ത് ഭാരതപ്പുഴയും ഗായത്രിപുഴയും സംയോജിക്കുന്ന സ്ഥലത്ത് ഇടതുകര ബണ്ടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികൾ.
4. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ വാഴാലിക്കാവ് ഭഗവതി ക്ഷേത്രത്തിനരികിൽ ഭാരതപ്പുഴയുടെ ഇടതുകര ബണ്ടിന്റെ സംരക്ഷണ പ്രവൃത്തികളും കളിക്കടവ് നിർമ്മാണവും.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞവയിൽ ചെറുതുരുത്തി ചെക്ക്ഡാമുമായി ബന്ധപ്പെട്ട പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി പ്രവൃത്തികൾ ജില്ലാതല വിദഗ്ധ സമിതി അംഗീകരിച്ച് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂനികുതി വർദ്ധിപ്പിച്ച നടപടി

109 (5191) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ കർഷകർ സാമ്പത്തിക പ്രതിസന്ധിയിൽ ആയിരിക്കേ ഭൂനികുതി ആറ് ഇരട്ടിയോളം വർദ്ധിപ്പിച്ചിരിക്കുന്ന നടപടി സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

1-1-2015-ലെ വിജ്ഞാപനമനുസരിച്ച് പഞ്ചായത്ത് ഏരിയയ്ക്ക് 8.1 ആർ വരെ ഒരു ആറിന് 2.50 രൂപ, ഠൗൺ പഞ്ചായത്ത്/മുനിസിപ്പൽ ഏരിയയ്ക്ക് 2.43 ആർ വരെ ഒരാറിന് 5 രൂപ, മുനിസിപ്പൽ കോർപ്പറേഷൻ ഏരിയയ്ക്ക് 1.62 ആർ വരെ ഒരാറിന് 10 രൂപ എന്ന നിരക്കിലാണ് ഭൂനികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. മേൽ പ്രസ്താവിച്ച വിസ്തീർണ്ണം അധികരിച്ചാൽ പഞ്ചായത്ത് പ്രദേശത്ത് ഒരു ആറിന് 5 രൂപയും ഠൗൺ പഞ്ചായത്ത്/ മുനിസിപ്പൽ പ്രദേശത്ത് ഒരു ആറിന് 10 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് ഒരു ആറിന് 20 രൂപയും ആയി നിശ്ചയിച്ചിട്ടുള്ളതാണ്. നിലവിലുള്ള ഭൂനികുതി വർദ്ധന കർഷകർക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായി കരുതുന്നില്ല. മറ്റ് നികുതികളെ അപേക്ഷിച്ച് താരതമ്യേന ചെറിയ തുകയാണ് ഭൂവുടമകളിൽ നിന്നും ഭൂനികുതിയിനത്തിൽ ഈടാക്കിവരുന്നത്. രൂപയുടെ മൂല്യത്തിന് കാലാനുസൃതമായി വന്നിട്ടുള്ള വ്യതിയാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വരുമാനത്തിനനുസരിച്ചുള്ള നേരിയ വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. ഇത് ഒരു അമിതഭാരമായി തീരുവാൻ സാദ്ധ്യതയുള്ളതായി കരുതുന്നില്ല.

ബഡ്ജറ്റിൽ റവന്യൂ വകുപ്പിനുവേണ്ടി വകയിരുത്തിയ തുക

110 (5192) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബജറ്റിൽ റവന്യൂ വകുപ്പിനുവേണ്ടി വകയിരുത്തിയ തുക എത്രയെന്നും ഇത് ഏതെല്ലാം പദ്ധതികൾക്കായിട്ടാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly